# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 428 01.12.2015-ൽ മറുപടിയ്ക്ക്**

## വൈദ്യുതി മേഖല നേരിടുന്ന പ്രശ്നങ്ങൾ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. റ്റി. യു. കുരുവിള :<br>ശ്രീ. സി. എഫ്. തോമസ് :<br>ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഊർജ്ജ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (എ) ഊർജ്ജ മേഖല നേരിടുന്ന പ്രശ്നങ്ങൾ പ്രധാനമായും താഴെ കൊടുത്തിരിക്കുന്നവയാണ്.<br>1. ഉപഭോഗം - ഉത്പാദനം എന്നിവയിലെ അന്തരം.<br>2. പ്രസരണ വിതരണ നഷ്ടം.<br>3. വിതരണ മേഖലയിലെ ധനകമ്മി<br>4. പ്രസരണ മേഖലയിലെ വരും കാലങ്ങളിൽ നേരിടാനിടയുള്ള ആസ്തി അപര്യാപ്തത.<br>5. ജലപദ്ധതികൾക്ക് പാരിസ്ഥിത വിഷയങ്ങളാലുണ്ടാകുന്ന തടസ്സം.<br><br>ഉപഭോഗം, ഉത്പാദനം എന്നിവയിലെ അന്തരം നികത്തുന്നതിന് കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും ദീർഘകാല കരാറുകാരിൽ നിന്നും വൈദ്യുതി വാങ്ങുന്നു.<br><br>പ്രസരണ, വിതരണ നഷ്ടം ദേശീയ ശരാശരിയെക്കാൾ മെച്ചമാണെങ്കിലും മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ ഉപയോഗം, ക്ഷമത കൂടിയ ഉപകരണങ്ങളുടെയും വസ്തുക്കളുടെയും ഉപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതിനാൽ ഊർജ്ജ നഷ്ടം പരമാവധി കുറയ്ക്കാൻ സാധിക്കുന്നു.<br><br>പാരിസ്ഥിതി ആഘാതം കുറവുള്ള ചെറുകിട പദ്ധതികൾക്ക് സർക്കാർ പരമാവധി ഊന്നൽ നൽകി പ്രോത്സാഹിപ്പിച്ചു വരുന്നു.<br><br>വിതരണ മേഖലയിലുണ്ടാകുന്ന വൈദ്യുതി തടസ്സം പരമാവധി |

ഒഴിവാക്കുന്നതിനുവേണ്ടി നിലവിലുള്ള ശേഷി കുറഞ്ഞ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് ലൈൻ കൺവർഷൻ, പുതിയതായി യു.ജി. കേബിളുകളും എ.ബി.സി.യും സ്ഥാപിക്കൽ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു.

പൊതു ജനങ്ങളുടെയും ബോർഡ് ജീവനക്കാരുടെയും സുരക്ഷ മുൻനിർത്തി കൊണ്ട് അലുമിനിയം കമ്പികൾ (AAC) മാറ്റി സ്റ്റീലോട് കൂടിയ കൂടുതൽ ബലമുള്ള കമ്പികൾക്കൊണ്ട് (ALSR) ലൈൻ നിർമ്മിക്കൽ, ഇൻസുലേഷൻ ഇല്ലാത്ത ഓവർഹെഡ് ലൈനുകൾ മാറ്റി എ.ബി.സി./ യു.ജി. കേബിൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കൽ എന്നീ പ്രവൃത്തികളും ചെയ്യുന്നുണ്ട്. കൂടാതെ Safety Awareness Programme- കൾ നടപ്പാക്കി പൊതുജനങ്ങൾക്കിടയിൽ സുരക്ഷാ അവബോധം സൃഷ്ടിക്കുന്നുണ്ട്. വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി “Permit to Work” സംവിധാനം എല്ലാ സെക്ഷനുകളിലും നടപ്പിലാക്കി.

ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ലാഭപ്രഭ, നോ-ലോഡ് ഷെഡ്ഡിംഗ് പദ്ധതികൾ നടപ്പിലാക്കി.

എല്ലാ സെക്ഷനോഫീസുകളും കമ്പ്യൂട്ടർ-വൽക്കരിച്ചു. ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ഓൺലൈൻ പേമെന്റ് സംവിധാനം ഏർപ്പെടുത്തി കേരളത്തിലുട-നീളമുള്ള ഉപഭോക്താക്കൾക്കും 24 മണിക്കൂറും, പരാതി രജിസ്റ്റർ ചെയ്യുന്നതിനും ഉപഭോക്താവിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി തിരുവനന്തപുരം വൈദ്യുതി ഭവൻ കേന്ദ്രീകരിച്ച് Centralized Customer Care & Call Centre സ്ഥാപിച്ചു.

പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും

നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

ഉത്തരമേഖല പ്രസരണ വിഭാഗം ശക്തിപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ Northern Region Development Team ഉം രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉപഭോഗം നിറവേറ്റുന്നതിനായി പല ദീർഘകാല, ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ച് വഴി വൈദ്യുതി ലഭ്യമാക്കാനും ശ്രമിച്ചു വരുന്നു.

400 കെ.വി. മൈസൂർ-അരീക്കോട് ലൈൻ 14.10.2015-ൽ കമ്മീഷൻ ചെയ്തു. ഇതിനു പുറമേ 400 കെ.വി. മാടക്കത്തറ-അരീക്കോട് - മൈലാടി ലൈനും, പുഗല്ലൂർ (തമിഴ്നാട്) - മാടക്കത്തറ എച്ച്.വി.ഡി.സി. ലൈനും വേഗത്തിൽ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായ 400 കെ.വി. ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം Right of way യിലെ തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാംഭിക്കുവാൻ വേണ്ടി പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

63.6 MW ന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ 218.9 MW ന്റെ 18 ജല വൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതു കൂടാതെ അതിരപ്പിള്ളി പദ്ധതി (163

MW) കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ജല വൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ടി 01.06.2012 ലും 17.12.2014 ലും സർക്കാർ ഉത്തരവുകൾ ഇറക്കിയിരുന്നു. കൂടാതെ പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനായി സർക്കാർ തലത്തിൽ അവലോകനം നടത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

മറ്റ് സ്രോതസ്സുകളിൽ (സൗരോർജ്ജം, കാറ്റ് തുടങ്ങിയവ) നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.